ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:13-08-2024

## പ്രധാനവാർത്തകൾ

1. വയനാട് ഉരുൾപൊട്ടലിൻറെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സംഘം ദുരന്ത മേഖലകളിൽ ഇന്ന് പരിശോധന നടത്തി.
2. ദുരന്തബാധിതർക്ക് വീട്ടുപകരണങ്ങൾ ഉൾപ്പെടെ നൽകി താത്ക്കാലിക പുനരധിവാസം ഉറപ്പാക്കുമെന്ന് സംസ്ഥാന സർക്കാർ
3. ചലച്ചിത്ര മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടരുതെന്ന ഹർജി ഹൈക്കോടതി തള്ളി. ഒരാഴ്ചയ്ക്കകം റിപ്പോർട്ട് പുറത്തുവിടാൻ നിർദ്ദേശം.
4. കർണാടക ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുന് വേണ്ടി ഗംഗാവലി പുഴയിൽ തിരച്ചിൽ നടന്നു. ലോറിയുടേതെന്ന് കരുതുന്ന ഭാഗം തിരച്ചിലിൽ കണ്ടെത്തി.
5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരും. പത്തനംതിട്ട, ഇടുക്കി, ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

$$$$$$$$$$$$$$$$$$$$$$

RNU TVPM

## വയനാട് വിദഗ്ധ സംഘം

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സംഘം ദുരന്ത മേഖലകളിൽ ഇന്ന് പരിശോധന നടത്തി. ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞൻ ജോൺ മത്തായിയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ സംഘമാണ് പരിശോധന നടത്തിയത്. പ്രദേശത്തെ മണ്ണിന്റെയും പാറകളുടെയും സാമ്പിളുകൾ സംഘം ശേഖരിച്ചു. ദുരന്ത പ്രദേശത്തെയും അനുബന്ധ മേഖലകളിലേയും അപകട സാധ്യതകൾ വിലയിരുത്തിയ ശേഷമായിരിക്കും സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കുക. പ്രതികൂല കാലാവസ്ഥയായതിനാൽ ഇന്ന് ഉച്ചയോടെ പരിശോധന അവസാനിപ്പിക്കുകയായിരുന്നു. മറ്റന്നാൾ വരെ വിദഗ്ധ സംഘം ഇവിടെ പരിശോധന തുടരും.

$$$$$$$$$$$$$$$$$$$$$$

## പുനരധിവാസം

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് വീട്ടുപകരണങ്ങൾ ഉൾപ്പെടെ നൽകി താത്ക്കാലിക പുനരധിവാസം ഉറപ്പാക്കുമെന്ന് സംസ്ഥാന സർക്കാർ. ഇതിന്റെ ഭാഗമായി ക്യാമ്പുകളിൽ നിന്നും

PRD TVPM

വാടക വീടുകളിലേക്ക് മാറാൻ ഒരുങ്ങുന്ന കുടുംബങ്ങൾക്ക് പൊതുവിതരണ വകുപ്പ് ഗ്യാസ് കണക്ഷൻ നൽകി . വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള നൂറോളം ക്വാർട്ടേഴ്സുകളും, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 253 വാടക വീടുകളും പുനരധിവാസത്തിന് കണ്ടെത്തിയിട്ടുണ്ട്. മേപ്പാടി, മൂപ്പൈനാട്, വൈത്തിരി, കൽപ്പറ്റ, അമ്പലവയൽ, മുട്ടിൽ പഞ്ചായത്തുകളിലായിരിക്കും ആദ്യഘട്ടത്തിൽ വാടക വീടുകൾ ക്രമീകരിക്കുന്നത്. സ്വന്തം നിലയിൽ വാടക വീടുകൾ കണ്ടെത്തുന്നവർക്കും, ബന്ധുവീടുകളിലേക്ക് മാറുന്നവർക്കും എല്ലാ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുമെന്നും സംസ്ഥാന സർക്കാർ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$

**തിരച്ചിൽ**

ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവർക്കായുള്ള തിരച്ചിൽ ഇന്നും തുടർന്നു. ചാലിയാറിൽ നടന്ന ജനകീയ തിരച്ചിലിൽ ഇന്നും ശരീര ഭാഗങ്ങൾ കണ്ടെത്തിയതായാണ് വിവരം.

$$$$$$$$$$$$$$$$$$$$$$$

**വയനാട് - മഴ**

വയനാട് മുണ്ടക്കൈ- ചൂരൽമല മേഖലയിൽ, കനത്ത മഴയെ തുടർന്ന് ബെയിലി പാലം താത്കാലികമായി അടച്ചു.

RNUTVPM

ഇതിനു

സമീപം നിർമിച്ച മുണ്ടക്കൈയിലേക്കുള്ള താൽക്കാലിക പാലം, പുഴയിലെ ശക്തമായ നീരൊഴുക്കിൽ തകർന്നിട്ടുണ്ട്. മേപ്പാടി പുത്തുമല പ്രദേശത്ത് കനത്ത മഴയെ തുടർന്ന് പ്രദേശത്തുള്ള ഇരുപതോളം കുടുംബങ്ങളെ തൃക്കൈപ്പറ്റ ഗവൺമെന്റ് സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. മഴ തുടരുന്ന പശ്ചാത്തലത്തിൽ പ്രദേശത്ത് പഞ്ചായത്ത് അധികൃതർ ജാഗ്രതാ നിർദ്ദേശം നൽകിയിരിക്കുകയാണ്.

$$$$$$$$$$$$$$$$$$$$$$$

RNU TVPM

**ഹേമ കമ്മിറ്റി റിപ്പോർട്ട്**

മലയാള ചലച്ചിത്ര മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടരുതെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. റിപ്പോർട്ട് പുറത്തുവിടാൻ കോടതി ഒരാഴ്ച സമയം അനുവദിച്ചിട്ടുണ്ട്. റിപ്പോർട്ട്

പുറത്തുവിടണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവിനെതിരെ, ചലച്ചിത്ര നിർമാതാവായ സജിമോൻ പാറയിൽ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് വി ജി അരുണിന്റെ ഉത്തരവ്. കോടതി വിധി സ്വാഗതം ചെയ്യുന്നതായി സംസ്ഥാന വനിതാ കമ്മിഷൻ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$

## റാങ്കിംഗ്

ദേശീയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിംഗ് പട്ടികയിൽ കേരളത്തിന് ചരിത്ര നേട്ടം. സർക്കാർ മെഡിക്കൽ കോളേജുകളിൽ തിരുവനന്തപുരം ദന്തൽ കോളേജ് അഞ്ചാം സ്ഥാനവും, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആറാം സ്ഥാനവും കരസ്ഥമാക്കി. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കേരളത്തിന്റെ പുരോഗതിയ്ക്കുള്ള അംഗീകാരമാണിതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ ദേശീയ റാങ്കിങ് പട്ടികയായ NIRF ലും കേരളത്തിൽ നിന്നുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മികച്ച പ്രകടനം കാഴ്ച വച്ചിരുന്നു. സംസ്ഥാന യൂണിവേഴ്സിറ്റി വിഭാഗത്തിൽ കേരള സർവകലാശാലയും, കുസാറ്റും, എംജി സർവകലാശാലയും 9,10, 11 റാങ്കുകൾ നേടി.

മാനേജ്മെന്റ് ഇൻസ്റ്റിട്യൂട്ടുകളുടെ വിഭാഗത്തിൽ കോഴിക്കോട് IIM ന് മൂന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്.

RNUTVPM

$$$$$$$$$$$$$$$$$$$$$$$

## സ്വാതന്ത്ര്യദിനാഘോഷം

സംസ്ഥാനത്ത് സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ആഗസ്റ്റ് 15 രാവിലെ 9 ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. തുടർന്ന് വിവിധ സേനാവിഭാഗങ്ങളുടെ അഭിവാദ്യം സ്വീകരിക്കുന്ന മുഖ്യമന്ത്രി സ്വാതന്ത്ര്യദിന സന്ദേശവും ചടങ്ങിൽ നൽകും. ജില്ലാ ആസ്ഥാനങ്ങളിലും നടക്കുന്ന സ്വാതന്ത്ര്യദിന ചടങ്ങുകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും.

$$$$$$$$$$$$$$$$$$$$$$$

**ഷിരൂർ**

കർണാടക ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുന് വേണ്ടി മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപ്പേയുടെ നേതൃത്വത്തിൽ ഇന്ന് ഗംഗാവലി പുഴയിൽ തിരച്ചിൽ നടന്നു. പുഴയിലെ കുത്തൊഴുക്ക് കുറഞ്ഞ സാഹചര്യത്തിലാണ് തിരച്ചിൽ പുനരാരംഭിച്ചത്. അർജുൻ ഓടിച്ചിരുന്ന ലോറിയുടേതെന്ന് കരുതുന്ന വീൽജാക്കി തിരച്ചിലിൽ കണ്ടെത്തി. കാണാതായ ലോറിയുടേതാണ് ജാക്കിയെന്ന് ലോറി ഉടമ മനാഫ് പറഞ്ഞു. നാളെ കൂടുതൽ വിപുലമായ തിരച്ചിൽ നടത്തുമെന്ന് കാർവാർ എം.എൽ.എ. സതീഷ് കൃഷ്ണ സെയ്ൽ മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$

**പൊഴിയൂർ-സജി ചെറിയാൻ**

തിരുവനന്തപുരം പൊഴിയൂരിൽ പുതിയ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് അഞ്ച് കോടി രൂപ അനുവദിച്ചതായി മന്ത്രി സജി ചെറിയാൻ . വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സമീപമാണ് പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നത്. പുതിയ തുറമുഖത്തിനായുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 65 മീറ്റർ നീളത്തിൽ പുലിമുട്ട് നിർമ്മാണം ഏറ്റെടുക്കുമെന്നും മന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

RNU TVPM

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് 100 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. ഈ സാമ്പത്തിക വർഷം ഇതുവരെ 469 കോടി രൂപയാണ് പദ്ധതിക്കായി അനുവദിച്ചത്. പാവപ്പട്ടവരും ദുർബലരുമായ 41.99 ലക്ഷം കുടുംബങ്ങൾക്ക്, പ്രതിവർഷം അഞ്ചുലക്ഷം രൂപവരെ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതാണ് പദ്ധതി.

$$$$$$$$$$$$$$$$$$$$$$$

**പാലക്കാട് ഇൻട്രോ**

പാലക്കാട് ജില്ലയിൽ ഒന്നാം വിള നെല്ക്കൃഷിക്ക് ഭീഷണിയായി പാടങ്ങളിൽ ഓലകരിച്ചിലും മുഞ്ഞ ബാധയും പടരുന്നത് കർഷകരെ ആശങ്കയിലാക്കിയിരിക്കുകയാണ്.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..............*

*(വോയിസ്)*

$$$$$$$$$$$$$$$$$$$$$$

**മഴ - സംസ്ഥാനം**

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി, ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ, കാസർഗോഡ് ഒഴികെയുള്ള 10 ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. എറണാകുളം, തൃശൂർ ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയാണ്. തെക്കൻ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 17 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്. കർണാടക തീരത്ത് മീൻപിടിത്തത്തിന് തടസ്സമില്ല.

$$$$$$$$$$$$$$$$$$$$$$

**കുണ്ടള ഡാം**

PNUTVPM

നീരൊഴുക്ക് ശക്തമായതിനെ തുടർന്ന് ജലനിരപ്പ് ഉയരുന്നതിനാൽ ഇടുക്കി കുണ്ടള ഡാമിലെ രണ്ട് ഷട്ടറുകൾ നാളെ രാവിലെ 11 മുതൽ 50 സെൻ്റീമീറ്റർ വീതം തുറന്ന് വെള്ളം പുറത്തേക്കൊഴുക്കും. കുണ്ടളയാറിന്റെ ഇരുകരകളിലും ഉള്ളവർ ജാഗ്രത പുലർത്തണമെന്ന് ജില്ലാ ഭരണകൂടം നിർദ്ദേശം നൽകി.

$$$$$$$$$$$$$$$$$$$$$

## വയനാട് - മണിപ്പൂരി വിദ്യാത്ഥികളുടെ സംഭാവന

കണ്ണൂർ സർവകലാശാലയിൽ പഠിക്കുന്ന മണിപ്പൂരിൽ നിന്നുള്ള വിദ്യാർത്ഥികൾ വയനാടിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു ലക്ഷം രൂപ സംഭാവന ചെയ്തു. കണ്ണൂർ കലക്ടറേറ്റ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ എ ഡി എം കെ നവീൻ ബാബുവിന് തുക കൈമാറി. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇതിനകം 110.55 കോടി രൂപ ലഭിച്ചിട്ടുണ്ട്.

RNUTVPM

$$$$$$$$$$$$$$$$$$$$$

## വയനാട്- തീറ്റവസ്തുക്കൾ

ക്ഷീര വികസന വകുപ്പിന്റെ നേതൃത്വത്തിൽ വയനാട് ദുരന്ത പ്രദേശത്തെ ഉരുക്കൾക്കും അരുമ മൃഗങ്ങൾക്കുമായി പാലക്കാട് ജില്ലയിൽ

നിന്നെത്തിച്ച തീറ്റവസ്തുക്കൾ മന്ത്രിസഭാ ഉപസമിതി അംഗങ്ങളായ കെ.രാജൻ, എ.കെ.ശശീന്ദ്രൻ എന്നിവർക്ക് കൈമാറി. ദുരന്തത്തിലകപ്പെട്ട വളർത്തു മൃഗങ്ങൾക്കായി ക്ഷീര വികസന-മൃഗസംരക്ഷണ വകുപ്പുകൾ ശക്തമായ ഇടപെടലുകളാണ് നടത്തുന്നതെന്ന് മന്ത്രി കെ.രാജൻ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$

## സംസ്ഥാനതല ഉദ്ഘാടനം

സംസ്ഥാന സർക്കാരിന്റെ നാലാം നൂറു ദിന പരിപാടിയുടെ ഭാഗമായി നടക്കുന്ന തദ്ദേശ അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളത്ത് ഈ മാസം 16ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. എറണാകുളം ജില്ലാതല തദ്ദേശ അദാലത്ത് 16 നും കൊച്ചി കോർപ്പറേഷൻ തല അദാലത്ത് 17 നുമാണ് നടക്കുന്നത്. രാവിലെ 8.30 മുതൽ അദാലത്തിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിക്കും.

RNU TVPM

$$$$$$$$$$$$$$$$$$$$$

## കൽക്കട്ട ഹൈക്കോർട്ട്

പശ്ചിമബംഗാളിൽ വനിതാ ഡോക്ടറെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ സിബിഐ അന്വേഷണത്തിന് ഉത്തരവിട്ട് കൽക്കട്ട ഹൈക്കോടതി. കേസ് സംബന്ധിച്ച എല്ലാ രേഖകളും എത്രയും പെട്ടെന്ന്

സിബിഐക്ക് കൈമാറാൻ സംസ്ഥാന പൊലീസിനോട് കോടതി ആവശ്യപ്പെട്ടു. കേസിൽ ഡോക്ടറുടെ മാതാപിതാക്കൾ ഉൾപ്പെടെ നൽകിയ ഹർജികൾ പരിഗണിക്കുകയായിരുന്നു കോടതി.

$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$

$$$$$$$

$$$$$

$$$

$$

$

RNU TVPM